**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5369 | 31.10.2016 ൽ മറുപടിക്ക്

## താലൂക്ക് ആശുപത്രികളെ ജില്ലാ ആശുപത്രികളായി ഉയർത്തൽ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ബി.ഡി. ദേവസ്സി<br>,, പി.വി. അൻവർ<br>,, കെ. ബാബു<br>,, ജെയിംസ് മാത്യു | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) | മുൻസർക്കാർ താലൂക്ക് ആശുപത്രികളെ ജില്ലാ ആശുപത്രികളായി ഉയർത്തി പ്രഖ്യാപിച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ; | (എ) | പ്രഖ്യാപിച്ചിരുന്നു. |
| (ബി) | ഇപ്രകാരം പ്രഖ്യാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; മാനദണ്ഡങ്ങൾ പാലിച്ചാണോ മുൻസർക്കാർ താലൂക്ക് ആശുപത്രികളെ ജില്ലാ ആശുപത്രികളായി പ്രഖ്യാപിച്ചതെന്ന് വിശദമാക്കുമോ; | (ബി) | പ്രസ്തുത ആശുപത്രികളിലെ ഒ.പി, ഐ.പി, ഭൗതിക സാഹചര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് ആശുപത്രികളെ ജില്ലാ ആശുപത്രികളായി ഉയർത്തിയത്. |
| (സി) | ഇപ്രകാരം താലൂക്ക് ആശുപത്രികളെ ജില്ലാ ആശുപത്രികളായി ഉയർത്തിയെങ്കിലും അതിനനുസരിച്ചുള്ള തസ്തികകൾ അനുവദിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | എങ്കിൽ ഇതു പരിഹരിയ്ക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിയ്ക്കുമെന്ന് വ്യക്തമാക്കുമോ; | (ഡി) | സംസ്ഥാനത്തെ ആരോഗ്യവകുപ്പിനു കീഴിലെ വിവിധ സ്ഥാപനങ്ങളെ ജില്ലാതലം, താലൂക്ക് തലം, ബ്ലോക്ക്തലം എന്ന രീതിയിൽ ക്രമീകരിക്കാനും സ്റ്റാഫ് പാറ്റേൺ അനുസരിച്ച് മതിയായ ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിനാവശ്യമായ സമഗ്രതപ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ തയ്യാർ ചെയ്തു വരുന്നുണ്ട്. അതിൽ ഉൾപ്പെടുത്തി മേൽ ആശുപത്രികളിലും ആവശ്യത്തിനു തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഇ) | ഈ സർക്കാർ താലൂക്ക് ആശുപത്രികളെ ജില്ലാ ആശുപത്രികളായി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | (ഇ) | ഒരു ജില്ലയിൽ ഒരു ജില്ലാതല ആശുപത്രി, ഒരു താലൂക്കിൽ ഒരു താലൂക്ക് തല ആശുപത്രി, ഒരു റവന്യൂ ബ്ലോക്കിൽ ഒരു സാമൂഹികാരോഗ്യകേന്ദ്രം എന്നിങ്ങനെ, സ്ഥാപനങ്ങളിൽ ഒരു നിശ്ചിത മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ സൗകര്യങ്ങൾ ക്രമീകരിക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ